പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 148

26.02.2018 ൽ
മറുപടിയ്ക്ക്

## കാഞ്ഞിരപ്പള്ളിയിൽ പോലീസ് കോംപ്ലക്സ്

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കാമോ; | (എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കെട്ടിടം പണിയുന്നതിനുള്ള സ്ഥലം ലഭ്യമാണോ എന്ന് വിശദമാക്കാമോ; | (ബി) ലഭ്യമാണ്. |
| (സി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; | (സി) 11 പോലീസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) അനുമതി ലഭിച്ചതിൽ, ആവശ്യത്തിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തവ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (ഡി) നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തവയായി ഒന്നുമില്ല. |
| (ഇ) ആവശ്യത്തിന് സ്ഥലം ലഭ്യമായിട്ടും ശബരിമല പോലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളുടെ ഉൾപ്പെടെ വിവിധ സുരക്ഷാ ചുമതലയുള്ള ഡി.വൈ.എസ്.പി, സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകൾക്കായുള്ള പോലീസ് കോംപ്ലക്സ് നിർമ്മിക്കാൻ തുക അനുവദിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; ഈ വർഷമെങ്കിലും കാഞ്ഞിരപ്പള്ളി പോലീസ് കോംപ്ലക്സ് നിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കാമോ എന്നറിയിക്കാമോ? | (ഇ) ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ